**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **17-09-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (എ) | 1) 33 കെവി സബ്സ്റ്റേഷൻ വള്ളികുന്നത്ത് പുതുതായി 5 എംവിഎ. ശേഷിയുള്ള ഒരു 33/11 കെവി ട്രാൻസ്ഫോർമർ സ്ഥാപിച്ചു കൊണ്ട് സബ്സ്റ്റേഷന്റെ ശേഷി നിലവിലെ 10 എംവിഎ യിൽ നിന്നു 15 എംവിഎ ആയി വർദ്ധിപ്പിച്ചു.<br><br>2) ഇടപ്പോൺ 220 കെ.വി സബ് സ്റ്റേഷനിൽ പുതുതായി രണ്ടു 220 കെ.വി ഫീഡർ ബേകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br><br>3) ഇടപ്പോൺ മുതൽ മാവേലിക്കര വരെയുള്ള 10.82 കിമീ 66 കെവി ലൈൻ 110 കെവി ആയി ശേഷി വർദ്ധിപ്പി ക്കുന്ന പ്രവൃത്തിയും, മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഭാഗികമായി വരുന്ന പള്ളം മുതൽ മാവേലിക്കര വരെയുള്ള 66 കെവി ലൈനിന്റെ മാവേലിക്കര മുതൽ തിരുവല്ല വരെയുള്ള 66 കെവി ലൈൻ 110 കെവി ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ ദ്രുത ഗതിയിൽ പുരോഗമിക്കുകയാണ്.<br><br>4) ഇടപ്പോൺ 220 കെ.വി സബ്സ്റ്റേഷനിലെ 66 കെ.വി ബസ് & ഫീഡർ ബേകൾ 110 കെ.വി ആയി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.<br><br>5) മാവേലിക്കര 110 കെവി സബ്സ്റ്റേഷനിലെ 66 കെവി ഫീഡർ & ട്രാൻസ്ഫോർമർ ബേകൾ 110 കെവി ആയി ശേഷി വർദ്ധിപ്പിച്ചു കൊണ്ടുള്ള സ്റ്റേഷന്റെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമിട്ടുള്ള പ്രവൃത്തി തുടങ്ങുന്നതിനായുള്ള പ്രാരംഭ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.<br><br>6) 220 കെവി സബ്സ്റ്റേഷൻ ഇടപ്പോണിൽ നിലവിലെ മൂന്ന് 66/11 കെവി 10 എംവിഎ ട്രാൻസ്ഫോർമറുകൾക്ക് പകരമായി മൂന്ന് 110 / 11 കെവി 20 എംവിഎ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സ്റ്റേഷൻ കപ്പാസിറ്റി (11 കെവി സൈഡ്) നിലവിലെ 30 എംവിഎ-യിൽ നിന്ന് 60 എംവിഎ ആക്കുന്ന പ്രവൃത്തി ഭരണാനുമതി ഘട്ടത്തിലാണ്.<br><br>മാവേലിക്കര മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. വിതരണ വിഭാഗം നടപ്പിലാക്കിയതും അനുവദിച്ചതും ആയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക<br><br>(ലക്ഷം) | നടപ്പിലാക്കിയ തുക<br><br>(ലക്ഷം) |
|---|---|---|---|
| 1 | ദ്യുതി 1<br><br>(2021-2022) | 537.3525/- | 537.3525/- |
| 2 | ദ്യുതി 2<br><br>(2022-2025) | 979.48/- | 979.48/- |
| 3 | സൗര ഫേസ് വൺ (19) | 62.6204/- | 62.6204/- |
| 4 | സമ്പൂർണ്ണ വൈദ്യുതീ-കരണം 2017 | 60.67254/- | 60.67254/- |
| 5 | ബിപിഎൽ കണക്ഷൻ (1519) | 146.34/- | 146.34/- |
| 6 | ഇ വി ചാർജിങ് സ്റ്റേഷൻ (11) | 2.789/- | 2.789/- |
| | ആകെ | 1789.25444/- | 1789.25444/- |

മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2021-22 സാമ്പത്തിക വർഷം മുതൽ Rs.17,89,25,444/- (പതിനേഴ് കോടി എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാന്നൂറ്റി നാല്പത്തി നാല് രൂപ)ചെലവഴിച്ചിട്ടുണ്ട്.

മാവേലിക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 7 പോൾ മൗണ്ടഡ് ചാർജ്ജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം ആയി ചേർത്തിരിക്കുന്നു.

സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം മുതൽ മാവേലിക്കര മണ്ഡലത്തിൽ 23 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ 137 kW സ്ഥാപിത ശേഷിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ആകെ 62,58,967/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

Pole Mounted Charging Stations Installed at Mavelikkara Constituency

| Sl. No. | Landmark | Section |
|---|---|---|
| 1 | Infront of Section Office | Charummood |
| 2 | Chooranadu South Jn. | Vallikunnam |
| 3 | Infront of Section Office | Mavelikkara |
| 4 | Kattanam Jn. East (Cake World New) | Kattanam |
| 5 | Eravankkara Church | Kollakadavu |
| 6 | Choonadu – Thamarakulam Road | Vallikunnam |
| 7 | Thamarakulam Panchayath Jn | Charummood |

**അനുബന്ധം**

Pole Mounted Charging Stations Installed at Mavelikkara Constituency

| Sl. No. | Landmark | Section |
|---|---|---|
| 1 | Infront of Section Office | Charummood |
| 2 | Chooranadu South Jn. | Vallikunnam |
| 3 | Infront of Section Office | Mavelikkara |
| 4 | Kattanam Jn. East (Cake World New) | Kattanam |
| 5 | Eravankkara Church | Kollakadavu |
| 6 | Choonadu – Thamarakulam Road | Vallikunnam |
| 7 | Thamarakulam Panchayath Jn | Charummood |